LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4 ഒഴിവുകളുണ്ട്.

(ബി) സ്ഥിരമായി വില്ലേജ് ആഫീസർമാരില്ലാത്ത വില്ലേജ് ഓഫീസുകൾ ഒന്നുമില്ല. ഉദ്യോഗസ്ഥർ ലഘുസ്വകാര്യ അവധിയിലോ/ട്രാൻസ്ഫർമൂലം എത്തിച്ചേരാനുള്ള കാലാവധിയിലോ മാത്രം ഓഫീസർ ഇല്ലാതാകാറുണ്ട്. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ ചാർജ്ജ് നടപടി ചെയ്യാറുണ്ട്.

(സി) ഇല്ല. അപേക്ഷകർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്.

(ഡി) ഒഴിവുള്ള വില്ലേജുകളിൽ വില്ലേജ് ആഫീസർമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പിലെ സ്ഥലംമാറ്റം

196 (7165) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

ഇല്ല. ലാന്റ് റവന്യൂ വകുപ്പിൽ പ്രൊമോഷൻ/റീ അലോട്ട്മെന്റ് സ്ഥലം മാറ്റമാണ് നടന്നുവരുന്നത്. സീനിയോറിറ്റിയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഇത്തരം സ്ഥലംമാറ്റങ്ങൾ അനുവദിച്ചുവരുന്നത്.

മലപ്പുറം കളക്ടറേറ്റ് യു.ഡി.ക്ലാർക്ക് ശ്രീ. ജുനൈദ് കെ.എം. നൽകിയ അപേക്ഷ

197 (7166) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കളക്ടറേറ്റിൽ റവന്യൂവകുപ്പിൽ ജോലി ചെയ്യുന്ന യു.ഡി. ക്ലാർക്ക് ജുനൈദ്, കെ.എം. എന്നയാൾ മലപ്പുറം ജനസേവന കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജനസേവന കേന്ദ്രത്തിലേക്ക് ടിയാനെ മാറ്റിനിയമിക്കുന്നതിന് അനുമതി നൽകുമോ?